എമ്മാവൂസ്
വചനദൂത്
Vol. IX Issue :5



# സഹനപുത്രിയുടെ ഓർമ്മദിനം...

ഫാ. ഫിലിപ്പ് കുമ്പക്കാട്ട്

നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സുറിയാനി കത്തോലിക്കാ സഭയിലെ പ്രഥമ വിശുദ്ധയാണ് വി.അൽഫോൻസാമ്മ. 1910 ആഗസ്റ്റ് 19-ാം തീയതി കോട്ടയം ജില്ലയിലെ കുടമാളൂർ എന്ന ഗ്രാമത്തിലാണ് ചരിത്രം വാഴ്ത്തിപാടിയ വി.അൽഫോൻസാമ്മയെന്ന അന്നക്കുട്ടി, മുട്ടത്തുപാടത്ത് ജോസഫ്-മേരി ദമ്പതികളുടെ 4-ാമത്തെ സന്താനമായി ജനിച്ചത്. അവളുടെ ജീവിതത്തിൽ സഹനങ്ങളുടെ നെരിപ്പോടിന്റെ വാതിൽ തുറക്കുന്നത് അവളുടെ ജനനത്തോടുകൂടെയാണ്. കാരണം, അമ്മയുടെ ഉദരത്തിൽ പൂർണ്ണ വളർച്ചയെത്തുന്നതിനുമുമ്പ് 8-ാം മാസത്തിൽ ജനിച്ചതിനാൽ അന്നക്കുട്ടിക്ക് ജനനസമയത്തുതന്നെ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഏറെ ഉണ്ടായിരുന്നു.

"സഹിക്കാൻ ശക്തി കിട്ടുന്നതിനായി നിങ്ങൾ പ്രാർത്ഥിക്കണം" എന്ന് കൂടെക്കൂടെ വി. അൽഫോൻസാമ്മ സഹോദരിമാരോട് പറയുമായിരുന്നു. കാരണം ജനിച്ച് അന്നുമുതൽ മരിച്ച നിമിഷം വരെ കർത്താവ് അന്നക്കുട്ടിയുടെ ജീവിതത്തിലേക്ക് സമ്മാനിച്ചിട്ടുള്ള സഹനങ്ങളുടെ എണ്ണമെടുത്താൽ അത് അനവധിയാണ്. 'കർത്താവിന് പ്രിയപ്പെട്ടവരെ സഹനത്തിന്റെ നെരിപ്പോടിൽ വിശുദ്ധീകരിക്കുന്നു' എന്ന വചനം വി. അൽഫോൻസാമ്മയുടെ ജീവിതത്തിൽ പൂർത്തിയാകുന്നു.

"ഗോതമ്പു മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും അഴിയുന്നെങ്കിലോ, അത് ധാരാളം ഫലം പുറപ്പെടുവിക്കും." (യോഹ. 12,44). വചനമായി അവതരിച്ചവൻ പങ്കുവയ്ക്കുന്ന ഈ കാഴ്ചപ്പാട് ബോദ്ധ്യമാക്കി മാറ്റി. അതുകൊണ്ടുതന്നെയാണ് സഹനങ്ങളുടെയും വേദനകളുടെയും നടുവിൽ നിൽക്കുമ്പോഴും മണവാളനായ യേശുക്രിസ്തുവിനോട് സല്ലപിക്കാൻ വിശുദ്ധയ്ക്ക് സാധിച്ചതും. അഴിയുന്ന ഗോതമ്പു മണി മാത്രമാണ് പുതുജന്മം പ്രാപിക്കുന്നതെന്നും, അവ മാത്രമാണ് അനേകം ഗോതമ്പുമണികൾക്ക് ജന്മം നൽകുന്നതെന്നുമുള്ള ദാർശനീകത്വം സ്വന്തമാക്കിയ വിശുദ്ധ സഹനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. "എന്റെ തമ്പുരാൻ എനിക്ക് സഹിക്കാൻ തന്നതല്ലേ..സഹിക്കട്ടെ..ഞാൻ സഹിക്കട്ടെ" എന്ന് പറഞ്ഞ് സഹനങ്ങളിൽ അവൾ നിശബ്ദയായിരുന്നു. "കുഞ്ഞേ, സമാധാനമായിരിക്കുക" എന്നു പറഞ്ഞ് മദർ ക്രൂശിതരൂപം ചുംബിപ്പിച്ചപ്പോൾ അൽഫോൻസാമ്മ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "അമ്മേ, എനിക്ക് യാതൊരു സമാധാനക്കേടുമില്ല". വേദനയുടെ കിടക്കയിൽ കിടക്കുമ്പോഴും അവൾ എല്ലാവരെയും നോക്കി പുഞ്ചിരിതൂകി.

വി. അൽഫോൻസാമ്മയുടെ ജീവിതത്തിൽ അമ്മയുടെ സ്നേഹം അനുഭവിക്കാൻ വിധിയില്ലാത്തവളായിരുന്നു. കാരണം അന്നക്കുട്ടി ജനിച്ച് 3 മാസം കഴിയും മുമ്പേ അമ്മ മേരി, ഇഹലോകവാസം വെടിഞ്ഞു. ജനിച്ച് മാസങ്ങൾ കഴിയും മുമ്പേ, അമ്മയില്ലാതെ ജീവിക്കേണ്ടി വരുന്ന സഹനത്തിന്റെ ലോകത്തിലേക്കാണ് അന്നക്കുട്ടി വലി

ച്ചെറിയപ്പെട്ടത്. " ഈ ലോകത്ത് സ്വന്തം ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും." (യോഹ. 12, 25). ക്രിസ്തുവിനുവേണ്ടി സ്വന്തം ജീവനേയും സൗന്ദര്യത്തെവരെ നഷ്ടപ്പെടുത്താൻ തയ്യാറായ വലിയ വിശുദ്ധയാണ് വി. അൽഫോൻസാമ്മ.

വിവാഹം കഴിക്കാൻ വളർത്തമ്മ അന്നക്കുട്ടിയെ നിർബന്ധിക്കുമായിരുന്നു. കാരണം, മകളുടെ ഭാവിയും സുരക്ഷിതത്വവും, വിശുദ്ധിയുമായിരുന്നു വളർത്തമ്മയായിരുന്ന അന്നാമ്മയുടെ മനസ്സുമുഴുവൻ. ഇതിനെക്കുറിച്ച് വി. അൽഫോൻസാമ്മ പിന്നീട് പറഞ്ഞത് ഇപ്രകാരമാണ്. "പതിമൂന്നാം വയസ്സിൽ വീട്ടുകാർ എന്റെ വിവാഹമുറപ്പിച്ചു. വിവാഹം മുടക്കാൻ എന്തു ചെയ്യണം? ആ രാത്രി മുഴുവൻ പ്രാർത്ഥിച്ചതും ചിന്തിച്ചതും ഇതു മാത്രമാണ്. പെട്ടെന്ന് എനിക്ക് ഒരാശയം തോന്നി. വികലാംഗയായ പെൺകുട്ടിയെ ആരും വിവാഹം കഴിക്കില്ല. ഞാൻ എന്റെ പാദം തീയിലിട്ടു പൊള്ളിച്ചു. എത്ര വലിയ വേദനയാണ് ഞാനന്ന് സഹിച്ചത്! എന്റെ ജീവിതാഭിലാഷം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആ സഹനം ഞാൻ കാഴ്ചവയ്ക്കുകയായിരുന്നു."

"മൗനമായി സഹിക്കുക, സന്തോഷത്തോടെ സഹിക്കുക." ഇതായിരുന്നു വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിത വിശുദ്ധി. ഒരിക്കൽപ്പോലും സഹനങ്ങളെക്കുറിച്ച് പരാതി വിശുദ്ധയ്ക്ക് ഉണ്ടായിരുന്നില്ല. അതേ സമയം തന്നെ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാൻ അവൾ പരിശ്രമിക്കുകയും സഹോദരിമാരെ ഒരുക്കുകയും ചെയ്തിരുന്നു. ഇത് കണ്ട് വി.അൽഫോൻസാമ്മയെ സഹായിക്കാൻ വന്ന കൂട്ടികാരികളായ സഹോദരിമാരോട് വിശുദ്ധ അൽഫോൻസാമ്മ പറയുമായിരുന്നു "എന്റെ നാഥൻ കുരിശിൽ കിടന്ന് സഹിച്ചപ്പോൾ ആശ്വാസമേകാൻ ആരുമുണ്ടായിരുന്നില്ല. എന്നാൽ ഇന്നാകട്ടെ എന്നെ ശുശ്രൂഷിക്കാനും സഹായിക്കാനുമായി എത്രയോ പേർ?"

ഒരിക്കൽ തിരുഹൃദയത്തിരുന്നാളിന്റെ തലേന്ന് നവ സന്യാസിനികൾ വിശുദ്ധ അൽഫോൻസാമ്മയുടെ അടുക്കൽവന്ന് അനുഗ്രഹം യാചിച്ചപ്പോൾ അമ്മ കൊടുത്ത ഉപദേശം ഇപ്രകാരമായിരുന്നു;

"ഗോതമ്പുമണികൾ നല്ലതുപോലെ ഇടിച്ചുകൊടുക്കുമ്പോൾ വെൺമയുള്ള മാവ് ലഭിക്കുന്നു. അത് ചുട്ടെടുക്കുമ്പോൾ വി.കുർബ്ബാനയ്ക്കുള്ള ഓസ്തിയായി തീരുന്നു. ഇപ്രകാരം നാമും കഷ്ടാരിഷ്ടതകളാൽ നല്ലവണ്ണം ഞെക്കിഞെരുക്കപ്പെട്ട് ആ ഓസ്തിപോലെ ആയി തീരണം. മുന്തിരിപ്പഴങ്ങൾ ചക്കിലിട്ട് ഞെരുക്കുമ്പോൾ നല്ല ചാറ്, നല്ല വീഞ്ഞ് കിട്ടുന്നു. അവ വെറുതെ വച്ചിരുന്നാൽ നമുക്ക് വീഞ്ഞ് കിട്ടുകയില്ലല്ലോ. കഷ്ടതകളാൽ ദൈവം നമ്മെ ശുദ്ധീകരിക്കുമ്പോൾ നല്ല വീഞ്ഞ് പോലെ നാം ഗുണമേന്മയേറിയവയായിത്തീരുന്നു". ചുരുക്കത്തിൽ അൽഫോൻസാമ്മ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയതിനെ സഹോദരിമാർക്കായി പങ്കുവെക്കുകയായിരുന്നു. വിശുദ്ധ അൽഫോൻസാമ്മ തന്റെ ജീവിതത്തിൽ പ്രാർത്ഥിച്ചിട്ടുള്ളത് സഹനങ്ങളാൽ ജീവിതത്തെ വിശുദ്ധീകരിക്കണമേ എന്നുള്ളതായിരുന്നു. കാരണം, അവൾക്കറിയാം "കർത്താവിന് പ്രിയപ്പെട്ടവരെ സഹനങ്ങളാൽ വിശുദ്ധീകരിക്കുന്നുവെന്ന്." ഗോതമ്പുമണി നിലത്തുവീണ് അഴിയണമെന്നുള്ള ക്രിസ്തുവിന്റെ പഠനത്തെ വി.അൽഫോൻസാമ്മ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും അങ്ങനെ ആയിത്തീരാൻ മറ്റുള്ളവരെ തന്റെ ജീവിതം കൊണ്ട് ഉപദേശിക്കുകയും ചെയ്യുകയായിരുന്നു.

സഹനത്തിലും സ്വർഗ്ഗത്തിന്റെ ആനന്ദവും മധുരവും അനുഭവിച്ചറിഞ്ഞ് വി.അൽഫോൻസാമ്മ 1976 ജൂലൈ 28-ന് ഉച്ചയ്ക്ക് 12.30-ന് 36-ാമത്തെ വയസ്സിൽ ദൈവസന്നിധിയിലേക്ക് യാത്രയായി. അൽഫോൻസാമ്മയുടെ മരണവാർത്ത വലിയ വാർത്തയായിരുന്നില്ല. കാരണം, ഭരണങ്ങാനത്തെ ക്ലാരമഠത്തിന്റെ നാലുചുവരുകൾക്കിടയിൽ രോഗിയായി കട്ടിലിൽ കിടന്ന യുവ കന്യാസ്ത്രീയായിരുന്ന സി. അൽഫോൻസാമ്മയെ അധികമാരും അറിഞ്ഞിരുന്നില്ല. പക്ഷെ വി. അൽഫോൻസാമ്മയുടെ സംസ്കാരവേളയിൽ ഫാ. റോമുളൂസ് ചെയ്ത ചരമപ്രസംഗം ചരിത്രമാകാനുള്ള ഭരണങ്ങാനത്തിന്റെ വിളിയായിരുന്നു.

അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഒരു യുവ കന്യകയുടെ ശവസംസ്കാരത്തിനാണ് നാം ഇവിടെ കൂടിയിരിക്കുന്നത്. ധനികയായ കുടുംബിനി, ബിരുദധാരിണി, കവിയത്രി, കലാകാരി, സിനിമാതാരം എന്നീ നിലകളിൽ ലോകത്തിന് മഹത്തായ സേവനങ്ങളനുഷ്ഠിക്കുകയും ലോകപ്രസിദ്ധി നേടാൻ കഴിവുണ്ടായിരുന്ന ഈ യുവതീരത്നം അവളുടെ ജീവിതകാലം മുഴുവൻ കന്യാലയത്തിന്റെ മതിൽ കെട്ടുകൾക്കുള്ളിൽ ലോകത്തിന് മഹത്വമെന്നു കരുതാൻ സാധിക്കുന്ന ഒന്നും തന്നെ ചെയ്യാനാവാതെ രോഗശയ്യയിൽ കഴിച്ച് ജീവിതം പാഴാക്കി മരണമടഞ്ഞിരിക്കുന്നതായി തോന്നുന്നു. ബഹുജന ദൃഷ്ടിയിൽ ഇപ്രകാരം നിഷ്പ്രയോജനമായ ജീവിതം അവസാനിച്ചു എന്നതിനുള്ള തെളിവാണ് ഞാനിവിടെ കാണുന്ന തുച്ഛമായ ഈ ആൾക്കൂട്ടം.

എന്നാൽ, ഈ കന്യകയെ ഏറ്റവും അടുത്തറിഞ്ഞിട്ടുള്ള ചുരുക്കം ആളുകളിൽ ഒരാളെന്ന നിലയിൽ ഞാൻ പറയുന്നു. എന്റെ ഹൃദയത്തിന്റെ അത്യഗാധമായ വിശ്വാസത്തിൽനിന്ന് ഞാൻ പറയുന്നു.കേരളത്തിൽ നിന്നല്ല, ഭാരതത്തിൽ തന്നെ ഈ രണ്ടായിരം വർഷങ്ങൾക്കിടയിലുണ്ടായിട്ടുള്ള ഉൽക്കൃഷ്ഠ വ്യക്തികളിൽ ദൈവസമക്ഷം മാഹാത്മ്യം നേടിയ ഒരു പുണ്യകന്യകയുടെ ശവസംസ്കാരത്തിലാണ് നാം പങ്കെടുത്തുകൊണ്ടിരിക്കുന്നത്. അവളുടെ ആത്മീയ മഹത്വം ശരിക്കും ഗ്രഹിച്ചിരുന്നെങ്കിൽ കേരളം ദർശിച്ചിട്ടുള്ളതിലേയ്ക്കും വമ്പിച്ച വിശ്വാസികളുടെ കൂട്ടം മാത്രമല്ല, ബഹു ശതം വൈദീകരും ഭാരതത്തിലെ മെത്രാന്മാർതന്നെയും ഇവിടെ സന്നിഹിതരാകുമായിരുന്നു ഈ കന്യകയുടെ പൂജ്യശരീരം ഒരു നോക്കു കാണുന്നതിന്... ദൈവം തിരുമനസ്സാകുന്നുവെങ്കിൽ ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യൂവായി പരിണമിക്കും."

ബഹുമാനപ്പെട്ട റോമുളൂസ് അച്ചന്റെ വാക്കുകൾ ചരിത്രം തിരുത്തിയില്ല. വി. അൽഫോൻസാമ്മയുടെ വിശുദ്ധി തിരിച്ചറിഞ്ഞ സ്കൂൾ കുട്ടികൾ ശവകുടീരത്തിൽ പൂക്കൾ വച്ചു പ്രാർത്ഥിച്ചു..മെഴുകുതിരികൾ കത്തിച്ചു.. പ്രാർത്ഥനാനിയോഗങ്ങളെ കാണിക്കയായ് സമർപ്പിച്ചു. ചോദിച്ചതൊക്കെ അവർക്കു കിട്ടി. ഈ ഭക്തി കുട്ടികളിൽനിന്ന് മുതിർന്നവർ ഏറ്റെടുത്തു. അസാധാരണമായി ഒന്നും ചെയ്യാത്ത, പക്ഷെ, സാധാരണ കാര്യങ്ങൾ അസാധാരണ വിശുദ്ധിയോടെ ചെയ്തു തീർത്ത അൽഫോൻസാമ്മയുടെ വിശുദ്ധി സാവധാനം ലോകം തിരിച്ചറിഞ്ഞു. 2008 ഒക്ടോബർ 12-ന് പരി. പിതാവ് ബെനഡിക്ട് 16-ാമൻ മാർപാപ്പ ഭരണങ്ങാനത്തെ അൽഫോൻസാമ്മയെ വി. അൽഫോൻസാമ്മ എന്ന് നാമകരണം ചെയ്ത് ലോകത്തിന് മാതൃകയായ്, മദ്ധ്യസ്ഥയായ് സമ്മാനിച്ചു!